പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5845 28.03.2018-ൽ മറുപടിക്ക്

**ജീവൻരേഖ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അനിൽ അക്കര | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ആരംഭിച്ച 'ജീവൻരേഖ' പദ്ധതിയുടെ വിശദാംശം നൽകുമോ; | (എ) | കേരളത്തിലെ സർക്കാർ മേഖലയിലുള്ള അലോപ്പതി ആരോഗ്യ ചികിത്സാ കേന്ദ്രങ്ങളിലെ എല്ലാ പ്രവർത്തനങ്ങളും കമ്പ്യൂട്ടർവല്ക്കരിക്കുകയും പൊതുജനാരോഗ്യ കേന്ദ്രങ്ങളെ ഒരു കേന്ദ്രീകൃത കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിക്കുകയും ചെയ്യുന്ന ഒരു ബൃഹത്ത് പദ്ധതിയാണ് ഇ ഹെൽത്ത് കേരള. ആരോഗ്യകേന്ദ്രങ്ങളിൽ ചികിത്സ തേടി എത്തുന്ന വ്യക്തിയുടെ രോഗവും ചികിത്സയും ആരോഗ്യവും സംബന്ധിക്കുന്ന വിവരങ്ങൾ ഡിജിറ്റൽ രീതിയിൽ ശേഖരിച്ച് സൂക്ഷിക്കുന്നു. അതോടൊപ്പം ആരോഗ്യ സാമൂഹിക പ്രവർത്തകർ കയ്യിൽ കൊണ്ടു നടക്കാവുന്ന ടാബ്ലെറ്റ് കമ്പ്യൂട്ടറുകൾ ഉപയോഗിച്ച് നടത്തുന്ന ദൈനംദിന പ്രവർത്തനത്തിലൂടെ ശേഖരിക്കുന്ന സാമൂഹിക ആരോഗ്യ വിവരങ്ങൾ ഓരോ വ്യക്തിയുടെയും ആധാർ വോട്ടർ ഐഡി മുതലായ ഏതെങ്കിലും ഒരു വ്യതിരിക്ത നമ്പർ മുഖേന തമ്മിൽ ബന്ധിപ്പിച്ച് ഓരോ വ്യക്തിയുടെയും ആരോഗ്യ സംബന്ധിയായ വിവരങ്ങളുടെ സമഗ്രത ഈ പദ്ധതി ഉറപ്പാക്കുന്നു. ടാബ്ലെറ്റ് കമ്പ്യൂട്ടറുകൾ ഉപയോഗിച്ച് നടത്തുന്ന ദൈനംദിന സർവേകൾ വഴി സാംക്രമിക രോഗങ്ങളുടെ ഉത്ഭവവും വ്യാപനവും യഥാവസരം കണ്ടെത്താനും സമയബന്ധിതമായ നടപടി സ്വീകരിക്കാനും സാധിക്കും.<br><br>ഓരോ പൗരന്റെയും ചികിത്സാ രേഖകൾ ഒരു കേന്ദ്രീകൃത ഡേറ്റാബേസിൽ ലഭ്യമാകുക വഴി എല്ലാ സർക്കാർ അലോപ്പതി ആരോഗ്യ ചികിത്സാ സ്ഥാപനങ്ങളിലും തടസ്സമില്ലാതെ തുടർ ചികിത്സ ഉറപ്പാക്കാൻ സാധിക്കും . കമ്പ്യൂട്ടർ അധിഷ്ഠിതമായ മാനേജ് മന്റ് സംവിധാനം നിലവിൽ വരുന്നതോടെ ഔട്ട് പേഷ്യന്റ് വിഭാഗം , ലബോറട്ടറി, ഫാർമസി, എക്സറെ എന്നിവിടങ്ങളിൽ ഇപ്പോൾ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന തിരക്കും കാലതാമസവും ഇല്ലാതാകുന്നു. എഴുത്തുകുത്തുകളും രജിസ്റ്ററുകളും പരമാവധി ഒഴിവാക്കുന്നതിലൂടെ പൊതുജനാരോഗ്യ പ്രവർത്തകരുടെ ജോലി ഭാരം ലഘൂകരിക്കാനും |

| | | | |
|---|---|---|---|
| | | | അവരിൽ നിന്ന് മെച്ചപ്പെട്ട സേവനം ലഭിക്കാനും ഉപകരിക്കുന്നു. ആരോഗ്യ സംബന്ധമായ വിവരങ്ങൾ ആശുപത്രി കളെ സംബന്ധിച്ചും ഓരോ സ്ഥലത്തും ലഭിക്കുന്ന സ്പെഷ്യാലിറ്റി തുടങ്ങിയ സൗകര്യങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ ഓൺലൈൻ അപ്പോയിൻമെന്റ് തുടങ്ങിയ വെബ് പോർട്ടൽ വഴി പൊതുജനങ്ങൾക്ക് ലഭ്യമാകും.<br><br>വൈദ്യശാസ്ത്രഗവേഷണം, ആശുപത്രികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, ആരോഗ്യ സംരക്ഷണ നയ പരിപാടികളുടെ രൂപവത്കരണം പകർച്ചവ്യാധി നിയന്ത്രണം തുടങ്ങിയ മേഖലകളിൽ സമഗ്രമായ പുരോഗതിക്ക് സഹായകമാകുന്നതാണ് ഈ പദ്ധതി.<br><br>പൊതുജനാരോഗ്യകേന്ദ്രങ്ങൾ പൂർണ്ണമായും ഒരു കേന്ദ്രീകൃത കമ്പ്യൂട്ടർ അധിഷ്ഠിത ശൃംഖലയുടെ ഭാഗമായി മാറ്റുന്നു. ആരോഗ്യ പ്രവർത്തകർ ടാബ്ലെറ്റ് കമ്പ്യൂട്ടറുകളുമായി ഭവന സന്ദർശനം നടത്തി പൊതുജനങ്ങളുടെ ആരോഗ്യ സംബന്ധിയായ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു അടിസ്ഥാന ആരോഗ്യരേഖ തയ്യാറാക്കുന്നു. ഇങ്ങനെ ശേഖരിക്കുന്ന പ്രസക്ത വിവരങ്ങൾ അപ്പപ്പോൾ തന്നെ കേന്ദ്രീകൃത സർവറിലേക്ക് അപ്ലോഡ് ചെയ്യുന്നു.<br><br>ഇതോടൊപ്പം ആരോഗ്യ ചികിത്സാ കേന്ദ്രങ്ങളിലെ എല്ലാ പ്രവർത്തനങ്ങളും കമ്പ്യൂട്ടർ വത്കരിക്കുകയും കേന്ദ്രീകൃത സർവറുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നു. വ്യക്തികൾ ചികിത്സക്കായി ആശുപത്രികളിലെത്തുമ്പോൾ പ്രസ്തുത ചികിത്സാ വിവരങ്ങൾ കൂടി കൂട്ടിച്ചേർത്ത് ആരോഗ്യ രേഖ സമഗ്രമാകുന്നു. |
| (ബി) | ഏതൊക്കെ ജില്ലകളിലെ സർക്കാർ ആശുപത്രികളിലാണ് ആദ്യ ഘട്ടത്തിൽ ഈ പദ്ധതി നടപ്പിലാക്കിയത്; | (ബി) | ആദ്യ ഘട്ടത്തിൽ തിരുവനന്തപുരം, ആലപ്പുഴ, കാസർഗോഡ്, മലപ്പുറം, ഇടുക്കി, എറണാകുളം, കണ്ണൂർ എന്നീ ഏഴ് ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിൽ തിരുവനന്തപുരം ജില്ലയിലെ 12 ആശുപത്രികളിൽ pilot അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കി. |
| (സി) | ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ആശുപത്രികളിൽ ഇതിനകം നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണ്; | (സി) | O.P രജിസ്ട്രേഷൻ, ടോക്കൺ വിതരണം, അഡ്വാൻസ് ബുക്കിംഗ് , O.P ക്ലിനിക്, ഫാർമസി, ലബോറട്ടറി, ബില്ലിംഗ് , I.P രജിസ്ട്രേഷൻ, ഡിസ്ചാർജ് എന്നീ വിഭാഗങ്ങളുടെ കമ്പ്യൂട്ടർ വത്കരണമാണ് ഈ ആശുപത്രികളിൽ നടപ്പിലാക്കിയത്. |
| (ഡി) | പ്രസ്തുത ആശുപത്രികളിൽ ചികിത്സാ നടപടിക്രമങ്ങൾ സുഗമമാക്കുന്നതിന് പദ്ധതി | (ഡി) | പ്രകടമായ മാറ്റങ്ങൾ ചികിത്സാ നടപടി ക്രമങ്ങളിൽ പ്രതിഫലിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | സഹായകമായോ; | | |
| (ഇ) | പ്രസ്തുത ജില്ലകളിലെ സാംക്രമിക രോഗങ്ങൾ തടയുന്നതിൽ പദ്ധതി വഹിച്ച പങ്കെന്തെന്ന് വ്യക്തമാക്കുമോ? | (ഇ) | പബ്ലിക് ഹെൽത്ത് മോഡ്യൂളിന്റെ പ്രവർത്തനത്തിന്റെ ഭാഗമായുള്ള വിവര ശേഖരണം സംസ്ഥനത്തൊട്ടാകെ ആരംഭിച്ചിട്ടുണ്ട്. ഈ വിവരശേഖരണ നടപടികൾ പൂർത്തീകരിച്ചതിനു ശേഷം മാത്രമേ തുടർ പ്രവർത്തങ്ങളിലൂടെ സാംക്രമിക രോഗങ്ങൾ തടയുന്നതിൽ പദ്ധതി വഹിച്ച പങ്ക് വിലയിരുത്താൻ സാധിക്കൂ. |

സെക്ഷൻ ഓഫീസർ